# വിമോചനസമരത്തിന്റെ ഗതിയും ഗതികേടും

(സി. ഉണ്ണിരാജ)

കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിനും ആ ഗവർമ്മെണ്ടിന്റെ ജനാധിപത്യപരവും പുരോഗമനപരവുമായ നിയമനിർമ്മാണങ്ങൾക്കും മററു ജനക്ഷേമ പരിഷ്കാരങ്ങൾക്കുമെതിരായ "വിമോചനസമരം" അതിന്റെ അന്ത്യഘട്ടത്തെ ആശ്ലേഷിക്കുവാൻ പ്രയത്നിച്ചിരിക്കുന്നു. കോൺഗ്രസ്സ് കേന്ദ്രപാർലിമെന്ററിബോർഡിന്റെ യോഗത്തിൽ സംബന്ധിച്ചു തിരിച്ചെത്തിയ കേരളകോൺഗ്രസ്സ് നേതാക്കൾ, "വിമോചനദിനം വിദൂരമല്ലെ"ന്നും പൊതുതിരഞ്ഞെടുപ്പിനുവേണ്ടി സ്വരമുയർത്തുകയും സമരം നടത്തുകയും സമരം പൂർവ്വാധികം ഊർജ്ജിതമാക്കുകയും ചെയ്യണമെന്നും "പ്രിയപ്പെട്ട കേരളീയരോട്" ആഹ്വാനം ചെയ്യുകയുണ്ടായി.

"വിമോചനദിന"പ്പുലരിയുടെ കോഴി കൂവാൻ തുടങ്ങിയെന്ന് സമരനേതാക്കളിലൊരാളായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസംഗിക്കാൻ തുടങ്ങിയിട്ട് എത്രയോ ദിവസങ്ങളും മാസങ്ങളും തന്നെയായി. ഈ ജൂലായ് 3-ാംനു ആലപ്പുഴ കലക്ടറാപ്പീസിന്റെ മുമ്പിലെ വിമോചനപ്പിക്കററിങ്ങ് ഉൽഘാടനം ചെയ്തുകൊണ്ട് അദ്ദേഹം, കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് അധികാരത്തിൽനിന്ന പോകാൻ മുന്നാഴികക്കാൽ നാഴിക മതിയെന്ന കാര്യത്തിൽ തർക്കം സംശയമില്ലെന്ന ഉറപ്പിച്ചു പറഞ്ഞതായി പത്രങ്ങളിൽ റിപ്പോർട്ട കാണുകയുണ്ടായി.

## അവധി നീണ്ടുപോകുന്നു

ശ്രീ. മന്നത്തു പത്മനാഭൻ, വിമോചനസമരത്തിന്റെ സർവ്വസൈന്യാധിപനെന്ന നിലയ്ക്കു സമരം തുടങ്ങിയിട്ട് ഒരാഴ്ചക്കകം കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് അധികാരമൊഴിഞ്ഞുപോവുകയോ അധികാരത്തിൽനിന്ന പുറന്തള്ളപ്പെടുകയോ ചെയ്യുമെന്ന ആവർത്തിച്ചാവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നതാണ്. ആ നേതാവിന്റെ വാക്ക വിശ്വസിച്ചിട്ടോ, കൂടുതൽ വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്ന ഉറപ്പു കിട്ടിയിരുന്നതിന്റെ അടിസ്ഥാനത്തിലോ എന്തായാലും, ജൂൺ 12-ാംനു കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്റെ പതനം തീർച്ചയാണെന്ന പ്രജാസോഷ്യലിസ്റ്റ് നേതാവ് ഉറപ്പിച്ചു പ്രഖ്യാപിച്ചിരുന്നു.

ഇപ്പോഴും ശ്രീ. മന്നത്തു പത്മനാഭൻ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിനു ഒരു മാസത്തെ അവധി കൂടി അനുവദിച്ചിട്ടുണ്ടെന്ന കേട്ടു.

ആഗസ്റ്റ് 1-ാംനു-യ്ക്കു മുമ്പ് കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് ഒഴിഞ്ഞുപോവാതിരിക്കുകയോ, ഗവർമ്മെണ്ടിനെ അധികാരത്തിൽനിന്ന് മാററാൻ മററു വിമോചനവീരന്മാർക്ക് കഴിയാതിരിക്കുകയോ ചെയ്താൽ, ആർ. എസ്. പി. നേതാക്കന്മാർ സ്റ്റേററിന്റെ എല്ലാ ഭാഗത്തുനിന്നും പടയൊരുക്കി തലസ്ഥാനത്തേയ്ക്കു മാർച്ചു ചെയ്ത് ആഗസ്റ്റ് 9-ാംനു സിക്രട്ടേറിയററ് പിടിച്ചടക്കാൻ സഹായിക്കാമെന്ന സമ്മതിച്ചിട്ടുള്ളതായും റിപ്പോർട്ടുകളുണ്ട്.

അങ്ങിനെ "സമരത്തിനെല്ലാവരും അണിനിരക്കുക"യും "അക്രമരഹിതമായി മുന്നേറുക"യും "പൂർവ്വാധികം ഊർജ്ജിതപ്പെടുക"യും ചെയ്യുന്നതോടുകൂടി, "വിമോചനദിനം" അധികമധികം നീണ്ടുപോവുകയാണ്. എന്തുകൊണ്ട്? സമരനേതാക്കൾ ഈ ചോദ്യം സ്വയം ചോദിക്കുന്നുണ്ടോ, അവരുടെ കണക്കുകൂട്ടലുകളെല്ലാം അടിക്കടി തെററിപ്പോകുന്നതെന്തുകൊണ്ടാണെന്ന് ആലോചിക്കുന്നുണ്ടോ, എന്നറിയില്ല. പക്ഷെ ജനങ്ങൾ ആലോചിക്കാൻ തുടങ്ങിയിട്ടുണ്ട്.

സമരത്തിലെല്ലാവരും അണിനിരക്കുന്നതിനെപ്പററിയും അക്രമരഹിതമായി മുന്നേറുന്നതിനെപ്പററിയും പൂർവ്വാധികം ഊർജ്ജിതപ്പെടുത്തുന്നതിനെപ്പററിയും പ്രസംഗിക്കുന്നുണ്ടെങ്കിലും, ബഹുജനങ്ങളിൽനിന്ന കൂടുതൽ കൂടുതൽ ഒറെറപ്പെട്ട് തീവെയ്പും കല്ലേറും കയ്യേററങ്ങളുമായി സമരം അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്ന് കഴിഞ്ഞ രണ്ടാഴ്ചക്കാലത്തെ സംഭവങ്ങൾ തെളിയിക്കുന്നുണ്ട്.

കേരളത്തിൽ ഇന്ന നടക്കുന്നത് ഒരു "ബഹുജനമുന്നേററ"മാണല്ലോ. അതിൽ പല ശക്തികളും സംഘടനകളും പാർട്ടികളുമുണ്ട്. അവരെല്ലാം അവർക്കിഷ്ടപ്പെട്ട രീതിയിൽ "സമരം" നടത്തിക്കൊണ്ടിരിക്കുകയാണ്. ആ സമരത്തിന്റെ രൂപം ഗവർമ്മെണ്ടാപ്പീസുകളും സ്കൂളുകളും ട്രാൻസ്പോർട്ട ബസ്സുകളും പിക്കററ് ചെയ്യലാണ്.

## പിക്കററിങ്ങ്

കേരളസന്ദർശനത്തിനുശേഷം തിരിച്ചുപോകുന്ന സമയത്ത് പ്രധാനമന്ത്രി നെഹ്റു ഈ പിക്കററിങ്ങുസമ്പ്രദായത്തെ പരസ്യമായി എതിർക്കുകയുണ്ടായി; വിശേഷിച്ചും സ്കൂളുകൾ പിക്കററ ചെയ്യുന്ന ഏർപ്പാട് താനിഷ്ടപ്പെടുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. യാത്രക്കാർ സഞ്ചരിക്കുന്ന ബസ്സുകൾ പിടിച്ചുനിർത്തുന്നത് അപകടകരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗവർമ്മെണ്ടാപ്പീസുകളുടെ കാര്യത്തിൽപ്പോലും പിക്കററിങ്ങ് എന്ന ആശയം താനിഷ്ടപ്പെടുന്നില്ലെന്ന് അദ്ദേഹം വെളിപ്പെടുത്തി.

കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിററിയുടെ പ്രത്യക്ഷസമരത്തെ ശരിവെക്കുന്നുണ്ടോ എന്ന ചോദ്യത്തിന്, കേരളത്തിൽ പ്രത്യക്ഷസമരമെന്നാൽ പിക്കററിങ്ങ് മാത്രമാണെന്നാണ് തോന്നുന്നതെന്നും അത്തരമൊരു സമീപനത്തെ താൻ തീരെ ഇഷ്ടപ്പെടുന്നില്ലെന്നുമായിരുന്നു പ്രധാനമന്ത്രി നെഹ്റുവിന്റെ മറുപടി.

പ്രധാനമന്ത്രിയുടെ സന്ദർശനത്തിനുശേഷമാണ കോൺഗ്രസ്സ് കേന്ദ്രപാർലിമെന്ററി ബോർഡ് യോഗം ചേർന്നത്. നാലു ദിവസത്തെ ഗൂഢാലോചനകൾക്കുശേഷം ബോർഡ് അംഗീകരിച്ച പ്രമേയത്തിൽ സ്കൂളുകൾ പൂട്ടുന്നതിനെയും ട്രാൻസ്പോർട്ട ബസ്സുകൾ തടയുന്നതിനെയും കോൺഗ്രസ്സ് അനുകൂലിക്കുന്നില്ലെന്ന പറയുന്നതോടൊപ്പം പൊതുവിൽ പിക്കററിങ്ങിനെത്തന്നെ ശരിവെയ്ക്കുന്നില്ലെന്ന വരുത്താൻ ശ്രമിച്ചിട്ടുണ്ട്.

രാഷ്ട്രീയനടപടിയെന്ന നിലയിൽ

ക്കററിങ്ങ് അനാരോഗ്യമാണ്; എങ്കിലും പൊതുജനാഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ സമാധാനപരവും സൂചനാത്മകവുമായ പിക്കററിങ്ങ് വേണ്ടിവരുന്ന സന്ദർഭങ്ങളുണ്ടാവാം; സംഘട്ടനത്തിനും ജനങ്ങളുടെ മനസ്സ് തെററായ മാർഗ്ഗങ്ങളിലേയ്ക്കു തിരിയുന്നതിനും കാരണമാവുമെന്നതിനാൽ ഇത്തരം മാർഗ്ഗങ്ങൾ പരിമിതമായി ഉപയോഗിക്കുകയുള്ളു—എന്നെല്ലാം ആ പ്രമേയത്തിൽ തത്ത്വോപദേശം നടത്തിയിട്ടുണ്ട്.

## തള്ളിപ്പറയുന്നു

അതുകൊണ്ടിപ്പോൾ കേരളകോൺഗ്രസ്സ്നേതാക്കൾ പറയുന്നതു സ്കൂൾപിക്കററിങ്ങും ബസ്സ്തടയലും അവരുടെ പരിപാടിയല്ലെന്നാണ്.

ശ്രീ. മന്നത്തുപത്മനാഭന്റെ നേതൃത്വത്തിലുള്ള വിമോചനസമരസമിതി അവകാശപ്പെടുന്നതു ബസ്സ്തടയലും ഗവണ്മെൻറാപ്പീസ്സുകൾ പിക്കററുചെയ്യലും അവരുടെ പരിപാടിയല്ലെന്നാണ്.

ബസ്സ്തടയൽ വിദ്യാർത്ഥികളുടെ വകയാണു; സ്കൂൾപിക്കററിങ്ങ് വിമോചനസമരക്കാരുടെ വകയാണ്; സർക്കാരാപ്പീസ്സുപിക്കററിങ്ങ് പ്രതിപക്ഷരാഷ്ട്രീയപ്പാർട്ടികളുടെ വകയാണ്. ഓരോന്നിൽനിന്നുമുള്ള ഉത്തരവാദിത്വത്തിൽനിന്ന് മററുള്ളവർ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നുണ്ട്.

അങ്ങിനെ ഔപചാരികമായി അന്യോന്യം ഒഴിഞ്ഞുനില്ക്കുകയും പ്രായോഗികമായും ഫലത്തിലും അന്യോന്യം പ്രോത്സാഹിപ്പിക്കുകയും പങ്കെടുക്കുകയും ശരിവെയ്ക്കുകയും ചെയ്യുന്ന ഒരു "വിമോചനസമര"മാണിന്നു നടക്കുന്നത്.

ബസ്സ്പിക്കററിങ്ങിന്റെ പേരിൽ നടക്കുന്നതെന്താണ്? യാത്രക്കാരേയും വഹിച്ചുകൊണ്ടുപോകുന്ന സ്റേററ്ട്രാൻസ്പോർട്ട് ബസ്സുകൾ തടഞ്ഞുനിറുത്തുക, ടയറുകൾ കത്തിക്കുക, ബസ്സുകളുടെയും അതിലുള്ള യാത്രക്കാരുടേയും നേരെ കല്ലെറിയുക, ബസ്സിനു തീക്കൊളുത്തുക, കണ്ടക്ടറെയും ഡ്രൈവറേയും മററും മർദ്ദിക്കുക—ഇതാണു ട്രാൻസ്പോർട്ടുബസ്സ്പിക്കററിങ്ങ്.

സ്കൂൾ പിക്കററിങ്ങിന്റെ പേരിൽ നടക്കുന്നതും ഇത്തരം കാട്ടാളത്തങ്ങൾതന്നെയാണ്: സ്കൂളുകൾക്ക് തീവെയ്ക്കുക, സ്കൂളുകളിൽ കയററിച്ചെന്ന കുട്ടികളെ തല്ലുക, കുട്ടികളുടെ സ്ലേററും പുസ്തകങ്ങളും ക്ലാസ്സുമുറികളിലെ ബഞ്ചുകളും ഡെസ്ക്കുകളും നശിപ്പിക്കുക, പെൺകുട്ടികളെ അപമാനിക്കുക, അദ്ധ്യാപകരെ മർദ്ദിക്കുക, പഠിക്കുന്ന കുട്ടികളുടെ നേരെ കല്ലേറു നടത്തുക—ഇത്തരം സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളാണു വിദ്യാഭ്യാസരംഗത്തെ "വിമോചനസമരം."

ഇത്തരം കയ്യേററങ്ങളെയും കാട്ടാളത്തങ്ങളെയും കോൺഗ്രസ്സും പി. എസ്സ്. പി.യും എല്ലാം "ബഹുജനമുന്നേററ"ത്തിന്റെ ലക്ഷണമായും "വിമോചനസമര"ത്തിന്റെ ഭാഗമായും പാടിപ്പുകഴ്ത്തുന്നു. ഇവ സംഘടിപ്പിക്കുന്നതിൽ കോൺഗ്രസ്സുകാരും പി. എസ്സ്. പി.ക്കാരും മന്നത്തുപത്മനാഭന്റെ വിമോചനസമരസമിതിക്കാരും കത്തോലിക്കാപള്ളിക്കാരും എല്ലാം സജീവമായ പങ്കു വഹിക്കുകയും ചെയ്യുന്നുണ്ട്.

സ്വന്തം കാറുകളിലും ടാക്സികാറുകളിലും യാത്രചെയ്യുന്ന ആളുകളെ ബലാത്കാരമായി തടഞ്ഞുനിറുത്തി ഭീഷണിപ്പെടുത്തി "സമരഫണ്ടി"ലേക്ക "സംഭാവന"പിരിക്കുന്ന പരിപാടിയോടെ "വിമോചനസമരം" "അക്രമരഹിതമായി" മുന്നേറുകയും ഊർജ്ജിതപ്പെടുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

## സാധാരണജനങ്ങളുടെ നേരെ

കമ്മ്യൂണിസ്റ്റ ഗവണ്മെൻറിനെ അധികാരത്തിൽനിന്നു മാററാൻവേണ്ടി ഇത്തരം ജനദ്രോഹപരമായ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽ ജനങ്ങളേർപ്പെടുമോ? ഒരിക്കലുമില്ല. സാധാരണജനങ്ങൾ എത്രയോ കൂടുതൽ സാമൂഹ്യബോധവും മര്യാദയും ഉള്ളവരാണ്. സാധാരണജനങ്ങൾ യാത്രചെയ്യുന്ന ബസ്സുകളുടെ നേരെ അവർ കല്ലെറിയുകയോ ടയർ കത്തിക്കുകയോ യാത്രക്കാരെ കഷ്ടപ്പെടുത്തുകയോ ചെയ്യുകയില്ല; സ്കൂളിൽ പഠിക്കാൻ പോകുന്ന സ്വന്തം കുട്ടികളെ അവർ ആക്രമിക്കുകയില്ല; സ്കൂളുകൾക്ക് തീവെച്ചും സ്റേററ്ട്രാൻസ്പോർട്ടുബസ്സുകൾ കേടുവരുത്തിയും സാധാരണജനങ്ങൾ കരുതിക്കൂട്ടി പൊതുമുതൽ നശിപ്പിക്കുകയില്ല.

ജനങ്ങളുടെ മുന്നേററമല്ല, ജനങ്ങൾക്കെതിരായ സാമൂഹ്യവിരുദ്ധശക്തികളുടെ മുന്നേററമാണ് വിമോചനസമരത്തിന്റെ പേരിൽ ഇന്നു കേരളത്തിൽ നടക്കുന്നത്; കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിന്നെതിരായിട്ടല്ല, വിമോചനസമരത്തിന്റെ പേരിൽ നടത്തപ്പെടുന്ന അതെ[...]മെതിരായിട്ടാണു ജനങ്ങളുടെ രോഷം നീറിപ്പുകയാൻ തുടങ്ങിയിട്ടുള്ളതു; കമ്യൂണിസ്റ്റുകാരുടെ "ചെകുത്താൻഭരണ"ത്തിൽനിന്നല്ല, ഈ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽനിന്നാണു അടിയന്തിരമായും ജനങ്ങൾ വിമോചനം ആഗ്രഹിക്കുന്നതു.

ഈ വസ്തുത മനസ്സിലാക്കുകയും എന്നാൽ പരസ്യമായി പറയാനും സമ്മതിക്കാൻ തയ്യാറില്ലാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാവാം, പുതിയ തിരഞ്ഞെടുപ്പു നടത്താൻ സ്റേററ് ഗവർമ്മേണ്ടിനെ നിർബ്ബന്ധിക്കുന്നതിന് "കൂടുതൽ ഫലപ്രദമായ" പ്രക്ഷോഭണപരിപാടികൾ മററു പ്രതിപക്ഷകക്ഷികളുമായാലോചിച്ച് ആസൂത്രണം ചെയ്യുമെന്ന് ഡൽഹിയിൽ നിന്നും തിരിച്ചെത്തിയ കേരളകോൺഗ്രസ്സ്നേതാക്കൾ പ്രസ്താവിച്ചതു.

കൂടുതൽ ഫലപ്രദമായ ആ പ്രക്ഷോഭണപരിപാടികളെന്താണെന്ന വെളിപ്പെടുത്താൻ സമരനേതാക്കൾ തയ്യാറല്ല; അതിന്നു മുഖ്യകാരണം അവർക്കറിയില്ലാത്തതുതന്നെ ആകാനേ വഴിയുള്ളൂ. കാരണം, ശ്രീ. പി. ററി. ചാക്കോ ഡൽഹിയിൽനിന്നു തിരിച്ചുവന്നിട്ടഭിപ്രായപ്പെട്ടതുപോലെ,

> ഗവർമ്മേണ്ടിന്നു പ്രവർത്തിക്കാൻ നിർവ്വാഹമില്ലാത്ത നിലയിൽ ഭരണം സ്തംഭിപ്പിക്കുകയോ അല്ലെങ്കിൽ കേന്ദ്രം ഇടപെട്ട് സ്റേററ്ഗവർമ്മേണ്ടിനെ മാററുകയോ ചെയ്യുന്നതിലൂടെയല്ലാതെ വിമോചനസമരം വിജയിക്കുവാൻ നിവൃത്തിയില്ല.

സൂചനാപിക്കററിംഗ് നടത്തി ഭരണം സ്തംഭിപ്പിക്കാൻ സാധ്യമല്ലെന്ന ആർക്കാണറിയാത്തതു? ഇവിടെ ഭരണം നടത്താൻ സാധ്യമല്ലാത്ത ഒരു സ്ഥിതി ഉളവാക്കാതെ കേന്ദ്രത്തിന്നിടപെടാനും നിവൃത്തിയില്ല. ജനായത്തവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ മാർഗ്ഗങ്ങളിലൂടെയല്ലാതെ ഭരണം സ്തംഭിപ്പിക്കാനോ കേന്ദ്രത്തിന്നിടപെടാനോ കഴിയാത്ത ഗതികേടിലാണ് കോൺഗ്രസ്സും മററു പ്രതിപക്ഷപ്പാർട്ടികളും ചെന്നെത്തിയിരിക്കുന്നതു.

## ബോർഡിന്റെ പ്രമേയം

ഇതിന്നേററവും പ്രത്യക്ഷമായ ഉദാഹരണം കോൺഗ്രസ്സ് പാർലിമെൻറി





ബോർഡിന്റെ ... ം, കേരളത്തിലെ കോൺഗ്രസ് നേതാക്കളുടെ എല്ലാ വാദങ്ങളേയും ന്യായങ്ങളേയും നയങ്ങളേയും നടപടികളേയും ശരിവയ്ക്കുന്ന ഒരു പ്രമേയം പാസ്സാക്കാൻ നിവൃത്തിയില്ലല്ലോ.

നിയമസഭയിലേക്ക പൊതുതിരഞ്ഞെടുപ്പ് നടത്തുകയാണ് കേരളത്തിലെ സാഹചര്യങ്ങളിൽ ജനാധിപത്യപരമായ മാർഗ്ഗമെന്നും അതുകൊണ്ട് ഗവർമ്മെണ്ട് രാജിവെച്ച് പുതിയ തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറാകണമെന്നും കോൺഗ്രസ്സ് പാർലിമെന്ററി ബോർഡ് ഉപദേശിച്ചിരിക്കുന്നു. ഈ ഉപദേശത്തിന്ന ഉപോൽബലകമായി ബോർഡ് ഉന്നയിക്കുന്ന ന്യായങ്ങളാണ് വിചിത്രം.

തിരഞ്ഞെടുപ്പുവഴി ഭൂരിപക്ഷം കിട്ടി രൂപീകരിക്കപ്പെട്ട ഒരു ഗവർമ്മെന്റ് സാധാരണഗതിയിൽ അഞ്ചുകൊല്ലം ഭരിക്കുമെന്നും അതിനിടക്കു ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസരിച്ചു ഭരണം നടത്താനാവാത്ത സ്ഥിതി ഉൽഭവിച്ചാലേ ഗവർമ്മെന്റിനെ മാററുന്ന പ്രശ്നം ഉത്ഭവിക്കുന്നുള്ളുവെന്നും പ്രമേയത്തിൽ പറയുന്നുണ്ട്. അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം കേരളത്തിലുണ്ടായിട്ടില്ലെന്നു പ്രമേയം സമ്മതിക്കുന്നു.

ഇപ്പോഴത്തെ കേരളഗവർമ്മെണ്ടിന്ന നിയമസഭയിൽ രണ്ടാളുടെ ഭൂരിപക്ഷമാണുള്ളതെന്നും 35 ശതമാനം വോട്ടുകൊണ്ടാണവർ തിരഞ്ഞെടുക്കപ്പെട്ടതെന്നും പ്രമേയം പറയുന്നു. ജനാധിപത്യസമ്പ്രദായത്തിൽ ഇതു ചിലപ്പോൾ സംഭവിക്കാവുന്നതാണെന്നും അതു അംഗീകരിക്കണമെന്നും പ്രമേയം ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിൽ ജനങ്ങളുടെയിടയിൽ വലിയ മാററം സംഭവിച്ചിട്ടുണ്ടെന്നും ഭരണകക്ഷിയെ സഹായിച്ചിരുന്ന പലരും ഇപ്പോൾ എതിർക്കാൻ തുടങ്ങിയിട്ടുണ്ടെന്നും പ്രമേയത്തിൽ വാദിക്കുന്നു. സാധാരണഗതിയിൽ ഇത്തരം ഒരു മാററമുണ്ടായാലും ഗവർമ്മെണ്ടിനെ മാററുന്നതിന്ന അടുത്ത തിരഞ്ഞെടുപ്പുവരെ കാത്തിരിക്കേണ്ടതാണെന്നു പ്രമേയം അഭിപ്രായപ്പെടുന്നു.

ചുരുക്കത്തിൽ അടുത്ത തിരഞ്ഞെടുപ്പിനു മുമ്പായി ഗവർമ്മെണ്ട് രാജിവെക്കുകയോ വീണ്ടും തിരഞ്ഞെടുപ്പു നടത്തുകയോ ചെയ്യേണ്ട ആവശ്യമില്ലെന്ന് സിദ്ധാന്തിക്കുകയാണ് ബോർഡിന്റെ പ്രമേയം ചെയ്യുന്നതു്. എങ്കിലും കേരളഗവണ്മെണ്ട് രാജിവെക്കുകയും മറ്റൊരു തിരഞ്ഞെടുപ്പിനെ നേരിടുകയും ചെയ്യണമെന്നാണ് ബോർഡ് നിർദ്ദേശിക്കുന്നതു. കാരണം, കേരളത്തിൽ പ്രത്യേകമായ ചില സാഹചര്യങ്ങളുണ്ടത്രെ! ആ പ്രത്യേകസാഹചര്യങ്ങൾ, കേരളത്തിൽ ഭരിക്കുന്നതു കോൺഗ്രസ്സല്ലെന്നതു മാത്രമാണെന്നു വ്യക്തമല്ലേ?

## ജനങ്ങളുടെ വിധിയെ വിലവെക്കില്ലേ?

കോൺഗ്രസ്സ് പാർളിമെണ്ടറി ബോർഡ് ഈ പ്രമേയം പാസ്സാക്കി 24 മണിക്കൂർ കഴിയുംമുമ്പ് പ്രതിപക്ഷനേതാവായ പി. ടി. ചാക്കോ അർത്ഥഗർഭമായ ഒരു സൂചന നൽകുകയുണ്ടായി. അടുത്ത തിരഞ്ഞെടുപ്പിലും കമ്യൂണിസ്റ്റ്കാർ ജയിച്ചാൽ, അവർ ഇന്നത്തെ രീതിയിൽ തുടർന്നു ഭരിക്കുകയാണെങ്കിൽ, പ്രതിപക്ഷകക്ഷികൾ വീണ്ടും പ്രക്ഷോഭം തുടങ്ങുമെന്നാണ് അദ്ദേഹം ഡെൽഹിയിൽവെച്ച് പത്രലേഖകന്മാരോട് പ്രസ്താവിച്ചതു.

ഈ പ്രസ്താവനയിലടങ്ങിയിട്ടുള്ള ഭീഷണിയുടെയും കഴിഞ്ഞ 27 മാസക്കാലത്തെ കേരളത്തിലെ കോൺഗ്രസ്സിന്റെ നയങ്ങളുടെയും പ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിൽ പാർളിമെന്ററി ബോർഡിന്റെ ഉപദേശത്തെ കാണാൻ ഈ നാട്ടിലെ ജനങ്ങൾക്ക കഴിവുണ്ട്. ആ പ്രമേയത്തിലടങ്ങിയിട്ടുള്ള അസഹിഷ്ണുതയും സങ്കുചിതമായ കക്ഷിപരിഗണനയും നിർല്ലജ്ജമായ അധികാരദുർമ്മോഹവും ഇതിൽ കൂടുതൽ സ്പഷ്ടമാകാൻ വയ്യ.

ഈ ഉപദേശത്തെ കമ്യൂണിസ്റ്റ്പാർട്ടിയും കേരളഗവർമ്മെണ്ടും അതർഹിക്കുന്ന അവജ്ഞയോടുകൂടിത്തന്നെ നിസ്സംശയം തിരസ്കരിച്ചു. മറെറാരു തിരഞ്ഞെടുപ്പിനെ നേരിടാനുള്ള ഭയംകൊണ്ടല്ല; വീണ്ടും തിരഞ്ഞെടുപ്പു നടക്കുകയാണെങ്കിൽ കൂടുതൽ ബഹുജനപിന്തുണയോടുകൂടി കമ്യൂണിസ്റ്റ് പാർട്ടി ആ പരീക്ഷണത്തിൽ വിജയം കൈവരിക്കുമെന്ന പൂർണ്ണമായ വിശ്വാസം പാർട്ടിക്കുണ്ട്. പ്രശ്നം അതല്ല. പ്രശ്നങ്ങൾ കൂടുതൽ അടിസ്ഥാനപരവും ദൂരവ്യാപകവും ഗൌരവമേറിയതുമാണ്.

* കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ഭരണഘടന നൽകിയ അവകാശങ്ങളുപയോഗപ്പെടുത്തിക്കൊണ്ട് ഒരു കക്ഷിയെ ഭരണകക്ഷിയായി തിരഞ്ഞെടുത്തു. ആ കക്ഷിക്കു നിയമസഭയുടെ വിശ്വാസമുള്ള കാലത്തോളം ഭരണം നടത്താൻ അധികാരമുണ്ട്. തിരഞ്ഞെടുപ്പുകാലത്തും അതിന്നുമുമ്പും ഭരണമേറെറടുത്തശേഷവും ഭരണകക്ഷിയെ എതിർത്തുപോന്നിരുന്നവർ സംഘടിതരായി നിയമസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ ഭരിക്കാനുള്ള അധികാരത്തെ വെല്ലുവിളിച്ചുകൊണ്ട് പ്രത്യക്ഷസമരം തുടങ്ങുകയും നാട്ടിൽ നിയമസമാധാനം അപകടത്തിലാക്കാൻ നോക്കുകയും അക്രമങ്ങളഴിച്ചുവിടുകയും ചെയ്താൽ അതിന്ന കീഴടങ്ങി രാജിവെക്കുന്നതും വീണ്ടും തിരഞ്ഞെടുപ്പു നടത്തുന്നതും ശരിയാണോ, ന്യായമാണോ, ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന കീഴ്‌വഴക്കം സൃഷ്ടിക്കലാണോ?

## കൂടിയാലോചനയുടെ മാർഗ്ഗം

* കേരളത്തിലെ ഇന്നത്തെ കുഴപ്പത്തിന്നും സംഘർഷാവസ്ഥക്കും സമാധാനപരമായ പരിഹാരം കാണാനുള്ള ചില പ്രായോഗികനിർദ്ദേശങ്ങൾ പ്രധാനമന്ത്രി നെഹറു പുറപ്പെടുവിച്ചു. ആ നിർദ്ദേശങ്ങളെ കേരളഗവർമ്മെണ്ടും കമ്യൂണിസ്റ്റ് പാർട്ടിയും സ്വീകരിച്ചു. കൂട്ടത്തിൽ പറയട്ടെ, പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങൾ കേരളഗവർമ്മെണ്ട് സ്വീകരിച്ചില്ലെന്ന ഒരു പ്രചരണം ചില കോൺഗ്രസ്സ് നേതാക്കൾ തുടങ്ങിയിട്ടുണ്ട്. ഔദ്യോഗികമായി സ്വീകരിച്ചശേഷം പ്രധാനമന്ത്രിതന്നെ പരസ്യമായി സമ്മതിച്ചിട്ടുള്ളതാണ്. ആ നിർദ്ദേശങ്ങൾ പരിഗണിക്കാൻപോലും തയ്യാറാകാതെ ധിക്കാരപൂർവ്വം തള്ളിക്കളഞ്ഞതു കോൺഗ്രസ്സുൾപ്പെടെയുള്ള വിമോചനസമരനേതാക്കളാണ്. കേരളഗവർമ്മെണ്ട് രാജിവെച്ചൊഴിയുകയോ പുറംതള്ളപ്പെടുകയോ ചെയ്യണമെന്ന ആദ്യത്തെ ആവശ്യത്തിൽ മുറുകെപ്പിടിച്ചു നിന്നതു അവരാണ്.

പ്രധാനമന്ത്രി നെഹറു അഭിപ്രായപ്പെട്ടതും കേരളഗവർമ്മെണ്ട് അംഗീകരിച്ചതുമായ കൂടിയാലോചനയുടെമാർഗ്ഗം സ്വീകരിക്കാൻ സ്വന്തം കീഴ്ഘടകത്തെ ഉപദേശിക്കുന്നതിന്ന പകരം, കോൺഗ്രസ്സ് പാർളിമെന്ററിബോർഡ് കേരളത്തിലെ കോൺഗ്രസ്സ് നേതാക്കളുടെയും കത്തോലിക്ക–നായർ സമുദായ നേതാക്കന്മാരുടെയും സമ്മർദ്ദത്തിന്ന കീഴടങ്ങി രാജിയും തിരഞ്ഞെടുപ്പുമെന്ന അവരുടെ ആവശ്യം ശരിവെച്ച് സംഘർഷാവസ്ഥ മൂർഛിപ്പിക്കാൻ കൂട്ടുനില്ക്കുകയാണ് ചെയ്തതു്.

വിമോചനസമരക്കാരുടെ ഈ ധിക്കാരത്തിന്നും അതിനെ ശരിവെച്ചുകൊണ്ടുള്ള കോൺഗ്രസ്സ് പാർലിമെണ്ടറി ബോർഡിന്റെ സമ്മർദ്ദത്തിന്നും കീഴടങ്ങി രാജിവെയ്ക്കുന്നതിന്റെ ഫലമെന്തായിരിക്കും?

* കേന്ദ്രഗവർമ്മെണ്ട് ഇടപെട്ട് കേരളത്തിലെ കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ മാററുകയെന്ന ഭീഷണിയുടെ തോ

ക്ക ചുമതലകൊണ്ടാണ് കോൺഗ്രസ്സ് പാർലിമെന്ററി ബോർഡ് ഈ തെരഞ്ഞെടുപ്പുപദേശം നൽകിട്ടുള്ളതെന്ന് ആർക്കാണ് അറിയാത്തത്? കേന്ദ്രത്തിലും ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും ഭരണകക്ഷിയായ കോൺഗ്രസ്സിന്റെ കേന്ദ്രനേതൃത്വം നൽകുന്ന ഉപദേശം സ്വീകരിച്ചില്ലെങ്കിൽ അതു സ്വീകരിപ്പിയ്ക്കാൻ തങ്ങളുടെ കയ്യിൽ മററു മാർഗ്ഗങ്ങളുണ്ടെന്ന സൂചന ആ പ്രമേയത്തിലടങ്ങിയിട്ടുണ്ട്. കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾ അതു പരസ്യമായി പറയുന്നുണ്ട്.

കേന്ദ്രം ഇടപെട്ടു സ്റ്റേററ് ഗവണ്മെണ്ടിനെ മാററുകയാണ് സമരം വിജയിപ്പിയ്ക്കാനുള്ള ഒരു മാർഗ്ഗമെന്ന് പ്രതിപക്ഷനേതാവ് ചാക്കോയും, പാർലിമെണ്ടറി ബോർഡിന്റെ ഉപദേശം സ്വീകരിയ്ക്കാനുള്ള വിവേകം സ്റ്റേററ് ഗവണ്മെണ്ട് കാണിച്ചില്ലെങ്കിൽ കേന്ദ്രം ഇടപെടുമെന്നാണ് തന്റെ വിശ്വാസമെന്ന് കെ. പി. സി. സി. പ്രസിഡണ്ട് ശങ്കറും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതിന്ന് മറെറാരു അർത്ഥവും സാമാന്യബുദ്ധിയുള്ളവർക്ക് കാണാൻ സാദ്ധ്യമല്ല.

## ഇടപെടാൻ പഴുതില്ല

എന്നാൽ നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇടപെടാൻ പഴുതില്ല. അതുകൊണ്ട് ഭരണഘടനയിലെഴുതിയിട്ടില്ലാത്ത "കീഴ്വഴക്ക"ങ്ങളെപ്പററി കോൺഗ്രസ്സ് നേതാക്കൾ വാചാലമായി പ്രസംഗിയ്ക്കാൻ തുടങ്ങിട്ടുണ്ട്. ഈ പ്രശ്നത്തെപ്പററി ചോദിച്ചപ്പോൾ കൊല്ലരുതെന്ന നിയമമുണ്ടെങ്കിലും കൊല്ലുക പതിവില്ലേ എന്നായിരുന്നു പോലും ശ്രീ. ചാക്കോ പത്രപ്രതിനിധികളോടു പറഞ്ഞത്!

ഭരണഘടനാവിരുദ്ധമായിട്ടാണെങ്കിലും കേന്ദ്രഗവണ്മെണ്ട് ഇടപെട്ട് വിമോചനസമരക്കാരെ സഹായിയ്ക്കണമെന്ന നിലയിൽ കോൺഗ്രസ്സ് നേതാക്കൾ ചിന്തിയ്ക്കാൻ തുടങ്ങീട്ടുണ്ട്.

ഭരണഘടനയെ കഴിച്ചുമൂടാനുള്ള ഈ ഉദ്യമത്തിന്ന് കേരള ഗവർമ്മെണ്ട് കൂട്ടുനില്ക്കണമെന്നാണോ പറയുന്നത്?

അതുകൊണ്ടാണ് നിയമസഭയിൽ ഭൂരിപക്ഷമുള്ള കാലത്തോളം കേരള ഗവണ്മെണ്ട് രാജിവെയ്ക്കുകയോ വീണ്ടും തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറാവുകയോ ചെയ്യുകയെന്ന പ്രശ്നം ഉദിക്കുന്നതേയില്ലെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഗവണ്മെണ്ടും അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളത്.

അക്രമാസക്തവും നിയമവിരുദ്ധവും സാധാരണ ജനങ്ങൾക്കെതിരായതുമായ ഇന്നത്തെ പ്രക്ഷോഭത്തിന്ന് കീഴടങ്ങി കേരള ഗവർമ്മെണ്ട് രാജിവെയ്ക്കാനൊരുങ്ങിയാൽ അതിന്റെ ഫലമെന്തായിരിയ്ക്കും?

പാർലിമെണ്ടറി ബോർഡിന്റെ പ്രമേയത്തിൽതന്നെ അതിന്റെ സൂചനയുണ്ട്. വിദ്യാഭ്യാസനിയമമാകെത്തന്നെ നിർത്തിവെയ്ക്കണമെന്ന് നിർദ്ദേശിയ്ക്കാൻ കോൺഗ്രസ്സ് നേതൃത്വം നിർബ്ബന്ധിതമായി. നിയമസഭ പാസ്സാക്കി, സുപ്രീം കോടത[illegible], പ്രസിഡണ്ടിന്റെ അംഗീകാരം കിട്ടിയ ഒരു നിയമം നടപ്പിലാക്കാൻ പാടില്ലെന്ന് അഭിപ്രായപ്പെടുന്നതിലടങ്ങിട്ടുള്ള കീഴടങ്ങലിന്റെ ആഴം വിവരിയ്ക്കേണ്ട ആവശ്യമില്ല.

അഭിപ്രായവ്യത്യാസവും തർക്കവുമുള്ള നിയമത്തിലെ ചില വകുപ്പുകൾ തല്പരകക്ഷികളുമായി കൂടിയാലോചിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്നതിന്ന് തല്ക്കാലം നടപ്പിലാക്കാതിരിയ്ക്കാമെന്ന മാത്രമാണ് പ്രധാനമന്ത്രി പോലും നിർദ്ദേശിച്ചിരുന്നത്. അവിടെ നില്ക്കാൻ കേന്ദ്രപാർലിമെണ്ടറിബോർഡിന്ന് കഴിഞ്ഞില്ല. കാരണം, വിമോചനസമരത്തിന്റെ സാരഥ്യം വഹിയ്ക്കുന്ന സാമുദായികപിന്തിരിപ്പൻ ശക്തികൾ നിരുപാധികമായ കീഴടങ്ങലാണാവശ്യപ്പെടുന്നത്.

## അവരുടെ ആവശ്യം

വിദ്യാഭ്യാസനിയമം നിർത്തിവെച്ചാൽ മാത്രം പോരാ, വിദ്യാഭ്യാസരംഗത്തു ഗവണ്മെണ്ടിന്റെ എക്സിക്യൂട്ടീവ് കല്പനകൾ വഴി നടപ്പിലാക്കിയ, അദ്ധ്യാപകന്മാർക്ക് നേരിട്ടു ശമ്പളം കൊടുക്കുക മുതലായ എല്ലാ പരിഷ്കാരങ്ങളും റദ്ദാക്കണമെന്നാണ് ഇന്ന കത്തോലിക്കാബിഷപ്പുമാരും നായർ സർവ്വീസ്സൊസൈററിയും മററും ആവശ്യപ്പെടുന്നത്.

അപ്പോൾ പിന്നെ കാർഷികബന്ധബില്ലിന്റെ ഗതി എന്താവുമെന്ന പറയേണ്ടതില്ലല്ലോ.

ഇന്ന നിയമസഭ പിരിച്ചുവിടാനിടയായാൽ പല ഘട്ടങ്ങളിലുമായി നിയമസഭയുടെ പരിഗണനയിലിരിയ്ക്കുന്ന പഞ്ചായത്തുബില്ലും ജില്ലാകൌൺസിൽബില്ലും വ്യവസായബന്ധബില്ലും എല്ലാം സ്വയമേവ റദ്ദായിപ്പോവും.

കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് രാജിവെച്ചൊഴിഞ്ഞാൽ മാത്രം പോരാ, പ്രസിഡണ്ടുഭരണം ഏർപ്പെടുത്തണം, ഇന്നത്തെ ഗവർണ്ണർക്കു പകരം കൂടുതൽ "ശക്ത"നായ ഒരു ഗവർണ്ണരെ നിയമിയ്ക്കണം, ഉദ്യോഗസ്ഥന്മാരുടെയിടയിൽ "കമ്മ്യൂണിസ്റ്റുകാര"ണോ എന്നറിയാൻ ഒരു പരിശോധന നടത്തണം, വോട്ടേഴ്സ് ലിസ്റ്റ് പുതുക്കണം—മുതലായി വിമോചനക്കാരുടെ ആവശ്യങ്ങൾ അനുദിനം വർദ്ധിച്ചുവരികയാണ്.

ജനാധിപത്യപരമായും ജനക്ഷേമകരമായും കഴിഞ്ഞ 27 മാസത്തിന്നകം കേരള ഗവണ്മെണ്ട്


# നാരസിംഹ രസായനം

ശരീരത്തിനും മനസ്സിനും ശരിയായ ആരോഗ്യം വളർത്തുന്ന ഒരുത്തമ രസായനം.

നിർമ്മാതാക്കൾ:—

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

**ആര്യവൈദ്യശാല, കോട്ടയ്ക്കൽ**

**(1902—ൽ സ്ഥാപിച്ചത്)**

**ബ്രാഞ്ചുകൾ:**

കോഴിക്കോട് (ഫോൺ:) 155; പാലക്കാട് (ഫോൺ:) 104;
തിരൂർ (ഫോൺ:) 31 എറണാകുളം (ഫോൺ:) 674 ആൻഡ് ഈറോഡ്
സെയിത്സ്ഡിപ്പോ:— പാലക്കാട് (വെററിലക്കുളം റോഡ്)

ശാസ്ത്രീയമായി നിർമ്മിച്ച 600-ൽ പരം ആയുർവ്വേദ ഔഷധങ്ങളും ശാസ്ത്രീയമായ ആയുർവ്വേദചികിത്സയും ഹെഡ് ആപ്പീസ്സിൽനിന്നും ബ്രാഞ്ചുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നു. പിഴിച്ചിൽ, നവരക്കിഴി മുതലായ കേരളീയ ചികിത്സകൾ കോട്ടയ്ക്കലുള്ള ഞങ്ങളുടെ

**'ഗോൾഡൻ ജൂബിലി നേഴ്സിങ്ങ് ഹോമിൽ'**

വെച്ച് നടത്തപ്പെടുന്നു. വിദൂരസ്ഥരായ രോഗികൾക്ക് എഴുത്തുകുത്തുകൾ വഴി ചികിത്സ നിശ്ചയിച്ചറിയിക്കുന്നു.